**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.632** **04.02.2020-ൽ മറുപടിക്ക്**

## ആദിവാസി കോളനികളിലെ വൈദ്യുതീകരണം.

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ തേര, വാരിയം, ഉറിയൻപെട്ടി എന്നീ ആദിവാസി കോളനികളിൽ വൈദ്യുതീകരണ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) (ബി) & (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, വൈദ്യുതീകരിക്കാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലെ 257 – ഓളം വീട്ടുകളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കാൻ ദർഘാസ് ക്ഷണിച്ച് 2017 മാർച്ച് മാസം 9 -ാം തീയതി വർക്ക് ഓർഡർ നൽകിയിരുന്നു.<br>സൺ എനർജി സോളാർ സൊല്യൂഷൻസ്, കാസർഗോഡ് എന്ന കരാറുകാരൻ ആണ് ജോലി ഏറ്റെടുത്തത്. എന്നാൽ സമയ ബന്ധിതമായി ഒരു വീടിന്റെ പോലും ജോലി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് സാധിച്ചില്ല. കെ.എസ്.ഇ.ബി.എൽ. ജോലി പൂർത്തിയാക്കാൻ നിരവധി തവണ സമയം നീട്ടി നൽകുകയും മറ്റ് ഗുണപരമായ ഇടപെടലുകൾ നടത്തുകയും ചെയ്തെങ്കിലും കരാറുകാരൻ വേണ്ടത്ര ശ്രദ്ധയും പരിഗണനയും നൽകി ജോലി പൂർത്തിയാക്കാൻ ശ്രമിച്ചില്ല എന്നുമാത്രമല്ല ബഹു:മാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് ജോലി പൂർത്തീകരിക്കാനുള്ള ഇതര സാധ്യതകളെ തടസ്സപ്പെടുത്തുകയും ചെയ്തു. കോടതി കേസ് തീർപ്പ കൽപ്പിക്കുന്ന മുറയ്ക്ക് മറ്റേതെങ്കിലും സാധ്യതകൾ പ്രയോജനപ്പെടുത്തി ജോലി പൂർത്തീകരിച്ച് ഭവനങ്ങൾ വൈദ്യുതീകരിക്കണമെന്ന് കെ. എസ്. ഇ. ബി. എൽ തീരുമാനിക്കുകയും അതനുസരിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത കോളനികളിൽ ഡി.ഡി.ജി. സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള വർക്ക് ഓർഡർ നല്കിയിട്ടും നാളിതുവരെ വൈദ്യുതീകരണ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | വന്യമൃഗ ശല്യം രൂക്ഷമായ പ്രസ്തുത കോളനികളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ